**<u>ഭരണഭാഷ-മാതൃഭാഷ</u>**

**ആർപ്പൂക്കര ഗ്രാമ പഞ്ചായത്ത്**
**പിൻ കോഡ്- 686008**
**GSTIN:32AAALS4311G1ZG ഫോൺ നമ്പർ : 0481-2597230**

**arpookaragp@gmail.com**

**നമ്പർ: 6872484-2026** **തീയതി : 02-09-2026**

# 2026–27 വാർഷിക പദ്ധതി

## <u>ദർഘാസ് പരസ്യം</u>

ആർപ്പൂക്കര ഗ്രാമപഞ്ചായത്തിലെ 2026–27 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന (പദ്ധതി നമ്പർ 08/2026) "തെരുവ് വിളക്ക് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ" എന്ന പദ്ധതിക്കായി അംഗീകൃത കരാറുകാരിൽ നിന്ന് സീൽ ചെയ്ത കവറുകളിൽ മത്സരാധിഷ്ഠിത ടെണ്ടറുകൾ ക്ഷണിച്ചു കൊള്ളുന്നു.

| പ്രോജക്റ്റ് നം. | പ്രോജക്റ്റിന്റെ പേര് | ഇനം | അടങ്കൽ തുക | ഫോറം വില | നിരതദ്രവ്യം |
|---|---|---|---|---|---|
| 08/2026 | തെരുവ് വിളക്ക് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | 1. LED Bulb- 14 W<br>2. Aluminium Wire<br>3. Aluminium Shade<br>4. Pendant Holder- 6 A<br>5. Insulation Tape | 300000/- | 300/- + 18% GST | 3000/- |

ദർഘാസ് ഫോറങ്ങൾ സ്വീകരിക്കുന്ന അവസാന തീയതി 11/09/2026 , ഉച്ചക്ക് 1 മണി വരെ.

ടെണ്ടർ ഫോറങ്ങൾ തുറക്കൽ, 11.09.2026 ഉച്ചകഴിഞ്ഞ് 3 മണി.

എല്ലാ ദർഘാസുകൾക്കും 200/- രൂപയുടെ മുദ്രപ്പത്രത്തിൽ പ്രാഥമിക കരാർ, ഇ. എം. ഡി. എന്നിവ ദർഘാസിനോടൊപ്പം സമർപ്പിക്കണം. ടെണ്ടർ ലഭിക്കുന്ന മുറയ്ക്ക് 200/- രൂപയുടെ മുദ്രപ്പത്രത്തിൽ കരാർ ഉടമ്പടി വെയ്ക്കേണ്ടതും സെക്യൂരിറ്റി ഡെപ്പോസിറ്റ് 10% അടയ്ക്കേണ്ടതുമാണ്. ടെണ്ടറുകൾ അംഗീകരിക്കാനും നിരസിക്കാനും ഗ്രാമപഞ്ചായത്തിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. ടെണ്ടർ നൽകുന്ന കവറിന്റെ പുറത്ത് പ്രോജക്ടിന്റെ പേര്, നമ്പർ, സമർപ്പിക്കുന്ന ആളുടെ വിലാസം എന്നിവ എഴുതണം. ടെണ്ടർ അംഗീകരിച്ച് കഴിഞ്ഞാൽ ഗ്രാമപഞ്ചായത്ത് നിർദ്ദേശിക്കുന്ന സമയത്ത് സ്വന്തം ചെലവിൽ സാധനസാമഗ്രികൾ എത്തിക്കണം. ഇ എം ഡി, എഫ് ഡി ആയി നൽകുന്നവര് സെക്രട്ടറി, ആർപ്പൂക്കര ഗ്രാമപഞ്ചായത്ത് എന്ന പേരിൽ പ്ലെഡ്ജ് ചെയ്ത് ബന്ധപ്പെട്ട സ്ഥാപനത്തിന്റെ സാക്ഷ്യപത്രം സഹിതം നൽകേണ്ടതാണ്. ഇ എം. ഡി. ഫ്രണ്ട് ഓഫീസിൽ പണമായോ RTGS/NEFT വഴി പഞ്ചായത്തിന്റെ അക്കൗണ്ടിലോ അടവാക്കി ആയതിന്റെ രസീത് ഉള്ളടക്കം ചെയ്യേണ്ടതാണ്. നിശ്ചിത സമയത്തിനു ശേഷം ലഭിക്കുന്ന ദർഘാസുകൾ നിരസിക്കുന്നതാണ്. ടെണ്ടർ തീയതി അവധി ദിവസമായാൽ തൊട്ടടുത്ത പ്രവർത്തി ദിവസം അതേ സമയത്ത് ടെണ്ടറുകൾ തുറക്കുന്നതാണ്. താഴെ പറയുന്ന നിബന്ധനകൾ ടെണ്ടറിന് ബാധകമായിരിക്കുന്നതാണ്.

## <u>നിബന്ധനകൾ</u>

1. ദർഘാസ് ക്വോട്ട് ചെയ്യുന്നവർ അടങ്കൽ തുകയുടെ 1 % നിരതദ്രവ്യം അടയ്ക്കേണ്ടതാണ്. ഇത് ബാധകമല്ലാത്തവർ ബന്ധപ്പെട്ട സാക്ഷ്യപത്രം ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതും അസ്സൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

2. ടെണ്ടർ ഫോറങ്ങൾ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും പ്രവൃത്തി ദിവസങ്ങളിൽ 03.09.2026 തീയതി മുതൽ ലഭിക്കുന്നതാണ്.

3. ദർഘാസുകൾ ഒരെണ്ണമായോ മുഴുവനായോ മാറ്റി വെയ്ക്കുന്നതിനോ റദ്ദ ചെയ്യുന്നതിനോ പഞ്ചായത്തിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

4. ദർഘാസ് തീയതി അവധി ദിവസമായാൽ തൊട്ടടുത്ത പ്രവർത്തി ദിവസം ഇതേ നടപടിക്രമം തുടരുന്നതായിരിക്കും.

5. ദർഘാസിനോടൊപ്പം 200/- രൂപ വിലയുള്ള മുദ്രപ്പത്രത്തിൽ പ്രാഥമിക കരാർ ഉടമ്പടിയും നിരതദ്രവ്യം അടച്ച ഒറിജിനൽ രസീതും സമർപ്പിക്കേണ്ടതാണ്.

6. ദർഘാസുകൾ പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനത്തിന് വിധേയമായിട്ടായിരിക്കും അംഗീകരിക്കുന്നത്.

7. സർക്കുലർ നമ്പർ 3055/DA 3/2011 ത.സ്വ.ഭ.വ പ്രകാരമുള്ള നിബന്ധനകൾ പാലിക്കേണ്ടതാണ്

8. ഉപകരണങ്ങൾക്ക് ഐ.എസ്.ഐ സർട്ടിഫിക്കേഷൻ ഉണ്ടായിരിക്കണം

9. ടെൻഡർ സമർപ്പിക്കുന്നവർ പ്രൊക്യൂയർമെന്റ് കമ്മറ്റി മുൻപാകെ സാമ്പിളുകൾ ഹാജരാക്കേണ്ടതാണ്. ക്വട്ടേഷൻ സ്ഥിരപ്പെടുത്തി നൽകുന്നത് ഗുണമേന്മ സർട്ടിഫിക്കറ്റിന്റെയും പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിനും വിധേയമായിട്ടായിരിക്കും

10. ദർഘാസുകൾ അംഗീകരിച്ചതിനു ശേഷം 10 % സെക്യൂരിറ്റി ഡെപ്പോസിറ്റ് അടയ്ക്കേണ്ടതാണ്.

11. വിശദവിവരങ്ങൾ പ്രവർത്തി ദിനങ്ങളിൽ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും, tender.lsgkerala.gov.in എന്ന വെബ് സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്.

Signature Not Verified
Digitally signed by Gopikrishnan R
Date: 2026.09.02 16:17:47 IST
Reason: KSMART